## ഉറക്കം വന്നാൽ

പള്ളിയിലുള്ള ഒരാൾക്ക് ഉറക്കം അനിയന്ത്രിതമാകുന്നപക്ഷം അയാൾ സ്ഥലം മാറിയിരിക്കുന്നത് അഭികാമ്യമത്രെ. എന്തുകൊണ്ടെന്നാൽ ചലനം ആലസ്യത്തെ ദുരീകരിക്കുകയും ഉന്മേഷത്തിന് പ്രേരകമാവുകയും ചെയ്തേക്കാം. ഇക്കാര്യത്തിൽ ജുമുഅഃ ദിവസവും മറ്റ് ദിവസങ്ങളും തമ്മിൽ വ്യത്യാസമില്ല. റസൂൽ(സ) ഇങ്ങനെ പറഞ്ഞതായി ഇബ്നു ഉമർ(റ) പ്രസ്താവിക്കുന്നു: “നിങ്ങളിൽ ആർക്കെങ്കിലും പള്ളിയിലിരിക്കുമ്പോൾ മയക്കം ബാധിച്ചാൽ അവൻ തൽസ്ഥാനത്തുനിന്ന് മറ്റൊരിടത്തേക്ക് മാറിയിരുന്നുകൊള്ളട്ടെ.”

(رواه احمد وابوداود والبيهقي والترمذى وقال: حديث حسن صحيح)